# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്

# നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള

*[Mahatma Gandhi NREGA Social Audit Society Kerala (MGNSASK)]*

---

**04.07.2023 (ചൊവ്വാഴ്ച) 11 എ.എമ്മിന്**

**ചെയർമാൻ ശ്രീ. പ്രണബ്ജ്യോതി നാഥ് ഐ.എ.എസ്സ്**

**(സെക്രട്ടറി,സ്പോർട്ട്സ് & യുവജനകാര്യം, മൃഗസംരക്ഷണം, ക്ഷീര വികസനം) –ന്റെ അദ്ധ്യക്ഷതയിൽ ചേർന്ന 17–ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ**

# മിനിട്ട്സ്

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള 04.07.2023 രാവിലെ 11 മണിക്ക് ചേർന്ന 17-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ്**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ 17-ാമത് ഗവേർണിംഗ് ബോഡി യോഗം 2023 ജൂലൈ 4 -ാം തീയതി രാവിലെ 11.00 മണിക്ക് ബഹു. ചെയർമാൻ ശ്രീ. പ്രണബ്ജ്യോതി നാഥ് ഐ.എ.എസ്സ് (സെക്രട്ടറി, സ്പോർട്ട്സ് & യുവജനകാര്യം, മൃഗസംരക്ഷണം, ക്ഷീര വികസനം) അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. യോഗത്തിലെ പങ്കാളിത്തവും നടപടി ക്രമങ്ങളും ചുവടെ ചേർക്കുന്നു.

**ഹാജർ:**

1. ശ്രീ. പ്രണബ്ജ്യോതി നാഥ് ഐ.എ.എസ് (ചെയർമാൻ)
2. ഡോ.എൻ.രമാകാന്തൻ (കൺവീനർ)
3. ശ്രീ. എം.എസ്. ബിജുക്കുട്ടൻ (അഡീഷണൽ സെക്രട്ടറി, എൽ.എസ്.ജി.ഡി)
4. ശ്രീ. മുഹമ്മദ് ഡാനിഷ്(ഡപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ, ആഡിറ്റ്1 കേരള),മെമ്പർ
5. ഡോ. ബി. ശ്രീജിത്ത് (പ്രോഗ്രാം ഓഫീസർ, കുടുംബശ്രീ)
6. ശ്രീ. എസ്. രാജേന്ദ്രൻ (മെമ്പർ)
7. ശ്രീമതി. ഗിരിജ സുരേന്ദ്രൻ(മെമ്പർ)
8. ശ്രീ. കെ. അനിമോൻ (മെമ്പർ)
9. ശ്രീ. എ.എൻ.പ്രഭാകരൻ (മെമ്പർ)

## യോഗ നടപടിക്രമങ്ങളും തീരുമാനങ്ങളും

1. **2023 മാർച്ച് 30-ാം തീയതി ചേർന്ന 16-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ് അംഗീകരിക്കൽ**

**തീരുമാനം:**

16-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ് യോഗം അംഗീകരിച്ചു.

2. **ഗവേർണിംഗ് ബോഡി തീരുമാനങ്ങളിമേൽ കൈക്കൊണ്ട നടപടികൾ സംബന്ധിച്ച പുരോഗതി റിപ്പോർട്ട്**

**തീരുമാനം:**

16-ാമത് ഗവേർണിംഗ് യോഗ തീരുമാനങ്ങൾ നടപ്പാക്കിയതു സംബന്ധിച്ച പുരോഗതി റിപ്പോർട്ട് ഡയറക്ടർ അവതരിപ്പിക്കുകയും യോഗം അംഗീകരിക്കുകയും ചെയ്തു.

3. **2022-23 വർഷത്തെ പ്രവർത്തന പുരോഗതി റിപ്പോർട്ട്**

**തീരുമാനം:**

2022-23 വർഷത്തെ പ്രവർത്തന പുരോഗതി റിപ്പോർട്ട് യോഗം അംഗീകരിച്ചു. വിശദമായ വാർഷിക ഭരണ റിപ്പോർട്ട് തയ്യാറാക്കി സൊസൈറ്റിയുടെ അടുത്ത ജനറൽ ബോഡി യോഗത്തിൽ അവതരിപ്പിക്കുന്നതിന് തീരുമാനിച്ചു.

20/7/23
Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala

MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA
C.W.C. BUILDING
L.M.S., PALAYAM
TRIVANDRUM -33
(Govt. of Kerala)

PRANABJYOTI NATH IAS
Secretary to Government
Sports & Youth Affairs
Animal Husbandry, Dairy Development &
Museum (Zoo) Department
Government secretariat
Thiruvananthapuram

4. **2022-23 വർഷത്തെ സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകൾ**

**തീരുമാനം:**

2022-23 വർഷത്തെ സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകൾ സംബന്ധിച്ച റിപ്പോർട്ട് യോഗം വിലയിരുത്തുകയുണ്ടായി. സാമ്പത്തിക ദുർവിനിയോഗങ്ങളിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറോട് ആവശ്യപ്പെടുന്നതിന് നിർദ്ദേശിച്ചു.

5. **2022-23 വർഷത്തെ ധനവിനിയോഗ റിപ്പോർട്ടിന് അംഗീകാരം**

**തീരുമാനം:**

2022-23 വർഷത്തെ ധനവിനിയോഗ റിപ്പോർട്ട് യോഗം അംഗീകരിച്ചു. 2023-24 വർഷത്തെ സോഷ്യൽ ഓഡിറ്റ് ഫണ്ട് എത്രയും വേഗം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തി.

6. **2023-24 വർഷത്തെ സോഷ്യൽ ഓഡിറ്റ് കലണ്ടർ അംഗീകരിക്കൽ**

**തീരുമാനം:**

2023-24 വർഷത്തെ സോഷ്യൽ ഓഡിറ്റ് യൂണിറ്റ് തയ്യാറാക്കി കേന്ദ്രഗ്രാമ വികസന മന്ത്രാലയത്തിന് നൽകിയതിന് യോഗം അംഗീകാരം നൽകി.

7. **"സോഷ്യൽ ഓഡിറ്റ് യൂണിറ്റിലെ അക്കൗണ്ട്സ് ഓഫീസർ തസ്തികയിലേക്കുള്ള നിയമനത്തിന് അംഗീകാരം"**

**തീരുമാനം:**

സോഷ്യൽ ഓഡിറ്റിൽ ഒഴിവുള്ള അക്കൗണ്ട്സ് ഓഫീസർ തസ്തികയിലേക്ക് തികച്ചും സുതാര്യമായും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടും നടത്തിയ നിയമനത്തിന് യോഗം അംഗീകാരം നൽകി. സോഷ്യൽ ഓഡിറ്റ് യൂണിറ്റിലെ ഒഴിവുള്ളതും അത്യന്താപേഷിതവുമായ എം.ഐ.എസ്. എക്സ്പെർട്ട്, അക്കൗണ്ട്സ് ഓഫീസർ എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിനാവശ്യമായ സർക്കാർ അംഗീകാരം വാങ്ങുന്നതിന് സർക്കാരിലേക്ക് ആവശ്യപ്പെടുന്നതിനും യോഗം തീരുമാനിച്ചു.

8. **"സോഷ്യൽ ഓഡിറ്റ് ജില്ലാ-ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർക്ക് കമ്പ്യൂട്ടർ അലവൻസ് അനുവദിച്ചു നൽകൽ."**

**തീരുമാനം:**

സോഷ്യൽ ഓഡിറ്റ് ജില്ലാ-ബ്ലോക്ക് റിസോഴ്സ്പേഴ്സൺമാർക്ക് പ്രതിമാസം 500/-രൂപ (അഞ്ഞൂറ് രൂപ) കമ്പ്യൂട്ടർ അലവൻസ് നൽകുന്നതിനായുള്ള ഡയറക്ടറുടെ നിർദ്ദേശം യോഗം അംഗീകരിച്ചു.

9. **സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളിന്മേൽ സ്വീകരിച്ച തുടർനടപടികൾ**

**തീരുമാനം:**

സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകളിലെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സർക്കാരിലേക്കും സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെയും ശ്രദ്ധയിലേക്ക് കൊണ്ടുവരുന്നതിന് തീരുമാനമെടുക്കുകയുണ്ടായി.

MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA
C.W.C. BUILDING
L.M.S., PALAYAM
TRIVANDRUM -33
★(Govt. of Kerala)★

20/7/23

| | |
|---|---|
| ഡോ .എൻ.രമാകാന്തൻ | PRANABJYOTI NATH IAS |
| ഡയറക്ടർ | Secretary to Government |
| എസ്.എ.യു.കേരള | Sports & Youth Affairs |
| Dr. N. RAMAKANTAN | Museum (Zoo) Department |
| DIRECTOR | Government Secretariat |
| Mahatma Gandhi NREGA | Thiruvananthapuram |
| Social Audit Unit Kerala | പ്രണബ്ജ്യോതി നാഥ് ഐ.എ.എസ് |
| | ചെയർമാൻ,ഗവേർണിംഗ് ബോഡി,എസ്.എ.യു.കേരള |
| | സ്പോർട്ട്സ് & യുവജനകാര്യം സെക്രട്ടറി. |